# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.140

02.03.2020 ൽ മറുപടിയ്ക്ക്

## ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുവാൻ വാട്സ് ആപ്പ് ഗ്രൂപ്പ്

| ചോദ്യം<br>ശ്രീ.എം.വിൻസെന്റ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ട്രാഫിക് നിയമലംഘനങ്ങൾ നടത്തുന്നവരെ കണ്ടെത്തുവാൻ തിരുവനന്തപുരത്ത് ട്രാഫിക് പോലീസുകാരെ ഉൾപ്പെടുത്തി പുതിയ വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടോ; | (എ) | തിരുവനന്തപുരം സിറ്റിയിൽ ട്രാഫിക് പോലീസുകാരെ ഉൾപ്പെടുത്തി വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം കണ്ടെത്തിയ കേസുകളിൽ ഇതിനകം എത്രപേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും അതിലൂടെ എത്ര തുക പിഴയായി ലഭിച്ചുവെന്നും അറിയിക്കാമോ; | (ബി) | ഇപ്രകാരം കണ്ടെത്തിയ കേസുകളിൽ ഇതിനകം 1521 പേർക്കെതിരെ നടപടി സ്വീകരിക്കുകയും അതിലൂടെ 1,41,500 രൂപ പിഴ ഈടാക്കുകയും ചെയ്തു. |
| (സി) | വാട്സ് ആപ്പ് പെറ്റി, സ്റ്റിക്കർ പെറ്റി എന്നിങ്ങനെയുള്ള ഫൈൻ പലരും അടയ്ക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; സമയ-ബന്ധിതമായി ഇത്തരക്കാരിൽ നിന്നും പിഴ ഈടാക്കുന്ന-തിനായി എന്ത് സംവിധാന-മാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനത്തിന്റെ ആർ.സി ഉടമയ്ക്കെതിരെ നോട്ടീസ് അയച്ച് പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ